<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പന്ത്രണ്ടാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത** | **15-12-2014- ൽ മറുപടിക്ക്**
**ചോദ്യം നമ്പർ: 3758**

## <u>മാരിടൈം ബോർഡിലെ ജീവനക്കാരായി നിശ്ചയിച്ചതിൽ ജീവനക്കാർക്കുള്ള ആശങ്ക</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. വി.ശശി :** | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)** |
| (എ) തുറമുഖ വകുപ്പിലെ ജീവനക്കാരെ മാരിടൈം ബോർഡിലെ ജീവനക്കാരായി നിശ്ചയിച്ചതിൽ ജീവനക്കാർക്കുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത ജീവനക്കാർ ബോർഡിലെ ജീവനക്കാരായി മാറുമ്പോൾ അവരുടെ നിലവിലെ സേവന വേതന വ്യവസ്ഥകൾ സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ; | (ബി) നിർദ്ദിഷ്ട മാരിടൈം ബോർഡ് സെക്ഷൻ 16 (f) പ്രകാരവും സെക്ഷൻ 17 പ്രകാരവും തുറമുഖ വകുപ്പിലെ സർക്കാർ ജീവനക്കാരെ നിലവിലുള്ള അതേ വ്യവസ്ഥകൾ അനുസരിച്ച് ബോർഡിലെ ജീവനക്കാരാക്കി മാറ്റിയിട്ടുണ്ട്. സെക്ഷൻ 18 പ്രകാരം ജീവനക്കാരുടെ ശമ്പളവും പെൻഷനുമെല്ലാം ബോർഡിന്റെ ബാധ്യതയായി നിഷ്കർഷിച്ചിട്ടുണ്ട്. സെക്ഷൻ 72 (b) പ്രകാരം ശമ്പളം, ഫീസ്, റെമ്യൂണറേഷൻ, പെൻഷൻ, അലവൻസ്, ഗ്രാറ്റുവിറ്റി, സമാശ്വാസ ബത്ത ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ബോർഡ് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചപ്പോൾ ഇല്ലാതായ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിലെ തസ്തികകൾ സൂപ്പർ ന്യൂമറിയാക്കി സർക്കാർ ജീവനക്കാരായി തുടരുന്നതിന് അനുമതി നൽകിയതുപോലെ തുറമുഖ വകുപ്പിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി തുടരാൻ അനുമതി നൽകുമോ ? | (സി) നിർദ്ദിഷ്ട മാരിടൈം ബോർഡിൽ ഇത്തരത്തിൽ ഒരു വ്യവസ്ഥ പ്രതിപാദിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**